# ACADEMIC MASTER PLAN

## AUPS CHIRAMANGALAM

## PARAPPANANGADI

2025-2026

# SPICIAL DEDICATION



FOUNDER AND MANAGER LATE SRI. KRISHNA PANIKKAR AND HIS WIFE
LATE SMT. KALLYANI PANIKKATHIAR ( CO FOUNDER & MANAGER )

# MANAGER



SRI. P K BHARATH BHOOSHAN

# HEAD MISTRESS



SMT. SANDHYA P K

# STAFF



## അധ്യാപകരുടെ പേരുവിവരങ്ങൾ

| Sl.No | Name | Designation | Sl.No | Name |
|---|---|---|---|---|
| | LP, UP SECTION | | | PRE-PRIMARY SECTION |
| 1 | SANDHYA P K | HM | 1 | SUJI |
| 2 | MINI ANDREWS | UPST | 2 | SHYNI |
| 3 | REMADEVY P C | LPST | 3 | ANILA |
| 4 | RENJINI M | LPST | 4 | SHEEJA |
| 5 | PUSHPALATHA P | UPST | 5 | JISHA |
| 6 | SINDHU P M | UPST | 6 | SINDHU |
| 7 | SAJINA C | UPST | 7 | SARITHA |
| 8 | SREELA T K | UPST | | |
| 9 | SREEJA E K | UPST | | |
| 10 | DHANYA T K | UPST | | |
| 11 | MANOJ P K | UPST | | |
| 12 | MANJU P K | LPST | | |
| 13 | RIYA RAFEL V R | LPST | | |
| 14 | ANAS R M | ARABIC | | |
| 15 | SHAMEENA M | ARABIC | | |
| 16 | ANOOJ P K | UPST | | |
| 17 | DHANOOP B NAIR | PET | | |
| 18 | KHAIRUNNISA A P | ARABIC | | |
| 19 | SANGEETHA K M | SANSKRIT | | |
| 20 | SAPNA C P | UPST | | |
| 21 | SREENA K | LPST | | |
| 22 | JESNI K | UPST | | |
| 23 | ASWATHI C S | LPST | | |
| 24 | JYOTHISH P K | UPST | | |
| 25 | SARANYA S | LPST | | |
| 26 | INDU C | LPST | | |
| 27 | SHEENA K | LPST | | |
| 28 | NIVYA S | LPST | | |
| 29 | VIJINA K | LPST | | |
| 30 | RAMYA E K | LPST | | |
| 31 | BHAVYA RAJ K | LPST | | |
| 32 | SRUTHI K A | UPST | | |
| 33 | NANDINI P K | UPST | | |
| 34 | ANAND P K | UPST | | |
| 35 | ARUN M | URUDU | | |
| 36 | SARASWATHI K | HINDI | | |
| 37 | THOOLIK RODHIN T | UPST | | |
| 38 | ASWATHI V | HINDI | | |
| 39 | KIRAN RAJEEV | LPST | | |
| 40 | SAMYUKTHA P K | UPST | | |
| 41 | ABHINAV A | LPST | | |
| 42 | RAJEEV KUMAR E K | OA | | |

## ഉള്ളടക്കം


- ആമുഖം
- സ്കൂൾ പ്രൊഫൈൽ
- വിദ്യാലയ ചരിത്രം
- അധ്യാപകരുടെ പേരുവിവരം
- ലക്ഷ്യങ്ങൾ
- അവസ്ഥാവിശകലനം
- പരിമിതികൾ
- പ്രശ്നങ്ങൾ വെല്ലുവിളികൾ
- മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ -
  എൽ.പി മാസ്റ്റർ പ്ലാൻ
  യു.പി മാസ്റ്റർ പ്ലാൻ.

## ആമുഖം

പരപ്പനങ്ങാടി ഉപജില്ലയിലെ മികച്ച സ്കൂളുകളിലൊന്നായ ചിറമംഗലം എ.യു.പി സ്കൂൾ പടിഞ്ഞാറ് അറബിക്കടലും കിഴക്ക് പരപ്പനങ്ങാടി താനൂർ റോഡും വടക്ക് ചിറമംഗലം എ.യു.പി സ്കൂൾ റോഡും തെക്ക് കെട്ടിങ്ങൽ റോഡിനും ഇടയിൽ പരപ്പനങ്ങാടി മുൻസിപ്പാലിറ്റിയിൽ 27-ാം ഡിവിഷനിൽ 1919-ൽ ഒരു എഴുത്തുപള്ളിക്കൂടമായി സ്ഥാപിതമായി.

ഇന്ന് 1453 വിദ്യാർത്ഥികൾ പ്രൈമറിയിലും പ്രീ-പ്രൈമറിയിലും പഠിച്ചുകൊണ്ടിരിക്കുന്നു.

35- ഡിവിഷനുകളിലായി 48 ഓളം അദ്ധ്യാപകർ ഒരു അനധ്യാപകനുമാണ് വിദ്യാലയത്തിലുള്ളത്. കൃഷിയും മത്സ്യബന്ധനവുമാണ് പ്രദേശവാസികളുടെ പ്രധാനതൊഴിൽ.

സമൂഹത്തിന്റെ വിവിധതുറകളിൽ അറിയപ്പെട്ടവരും അറിയപ്പെടാത്തവരുമായ അനേകം പേരുടെ ഭാവി നിർണ്ണയിച്ച വിദ്യാർത്ഥികളും കൂടിയാണീ വിദ്യാലയം.

മികച്ച പി.ടി.എ.യും മാനേജ്മെന്റ് കമ്മിറ്റിയും കർമ്മോത്സുകരായ അദ്ധ്യാപകരും ഈ വിദ്യാലയത്തിന്റെ കരുത്താണ്. വിദ്യാഭ്യാസ മേഖലയിൽ പിന്നോക്കാവസ്ഥയിൽ നിന്നിരുന്ന പ്രദേശത്തെ അറിവിന്റെ ലോകത്തെത്തിക്കാൻ ഒരു ചവിട്ടുപടിയായി എന്നപോലെ ഇന്നും കെടാവിളക്കായി ഈ വിദ്യാലയം നിലകൊള്ളുന്നു.

# സ്കൂൾ പ്രൊഫൈൽ

| | |
|---|---|
| സംസ്ഥാനം | കേരളം |
| ജില്ല | മലപ്പുറം |
| വിദ്യാഭ്യാസ ജില്ല | തിരൂരങ്ങാടി |
| ഉപജില്ല | പരപ്പനങ്ങാടി |
| സ്കൂളിന്റെ പേര് | എ.യു.പി.എസ് ചിറമംഗലം |
| ഗവ./എയ്ഡഡ്/പ്രൈവറ്റ് | എയ്ഡഡ് |
| സ്കൂൾ അഡ്രസ്സ് | എ.യു.പി.എസ് ചിറമംഗലം<br>പി.ഒ നെടുവ<br>പരപ്പനങ്ങാടി<br>പിൻ : 676303 |
| സ്കൂൾ ഫോൺ നമ്പർ | |
| ഇ-മെയിൽ ഐഡി | aupschiramangalam@gmail.com |
| മാനേജർ | പി.കെ. ഭരത് ഭൂഷൺ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി. സന്ധ്യ പി.കെ |
| ആകെ അധ്യാപകർ | പ്രൈമറി – 44<br>പ്രീ-പ്രൈമറി – 4 |
| അനധ്യാപകർ | 1 |
| ആകെ കുട്ടികൾ | 1453 |
| എൽ.പി | 561 |
| യു.പി | 732 |
| പ്രീ. പ്രൈമറി | 160 |

## ലക്ഷ്യങ്ങൾ

- ⇒ വിദ്യാലയത്തിലെ എൽ.കെ.ജി മുതൽ 7-ാം ക്ലാസ്‌വരെ മുഴുവൻ കുട്ടികളും അതാത് ക്ലാസിൽ ആർജ്ജിക്കേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
- ⇒ വിഷയാടിസ്ഥാനത്തിൽ ലബോറട്ടറികൾ, ലൈബ്രറികൾ ഗുണമായ മാറ്റങ്ങൾ വരുത്തി പഠനത്തിന് സജ്ജമാക്കുക.
- ⇒ കുട്ടികളുടെ സമ്പൂർണ്ണ ശാരീരിക മാനസിക സാമൂഹിക സുസ്ഥിതിക്കായി വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന പ്രവർത്തനങ്ങളിൽ പങ്കാളികളാവുക.
- ⇒ വൈവിധ്യമാർന്ന പഠനതന്ത്രങ്ങളായ പഠനക്ലാസുകൾ ശില്പശാലകൾ, സെമിനാറുകൾ, വിദഗ്ധരുടെ ക്ലാസുകൾ പ്രോജക്ടുകൾ പഠനയാത്രകൾ എന്നിവ പ്രയോജനപ്പെടുത്തുക.
- ⇒ സാമൂഹിക ബോധമുള്ള മിടുക്കരും മെച്ചപ്പെട്ട മനുഷ്യരുമായി വാർത്തെടുക്കുക.
- ⇒ കാർഷിക സംസ്കാരവും മാലിന്യനിർമാർജനവും പുതിയ ശൈലിയിൽ രൂപപ്പെടുത്തിയെടുക്കുക.
- ⇒ പരസ്പര സൗഹൃദവിദ്യാലയാന്തരീക്ഷം സൃഷ്ടിക്കുക.
- ⇒ വിദ്യാലയം പൊതുസമൂഹത്തിലേക്ക് എന്ന ആശയം യാഥാർത്ഥ്യമാക്കുക.
- ⇒ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് നൂതന പഠനതന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുക
- ⇒ സ്കൂൾ തലത്തിലുള്ള സ്പോർട്ടിംഗ് സംവിധാനങ്ങളെ ഫലപ്രദമായി പ്രയോജനപ്പെടുത്തിക്കൊണ്ട് കുട്ടികളുടെ സർഗ്ഗശേഷി, കായിക ശേഷി, ശാസ്ത്രതല്പരത പരമാവധി പ്രോത്സാഹിപ്പിച്ച് വിവിധ തലങ്ങളിൽ അഭേദ്യമായ നേട്ടങ്ങൾ കൈവരിക്കുക.
- ⇒ നാടിനെ അറിയാനും ജൈവവൈവിധ്യ ഉദ്യാനം നിർമ്മിക്കാനും സംരക്ഷിക്കാനും ഉതകുന്ന പ്രവർത്തനങ്ങൾ നൽകുക. ലഹരിക്കെതിരെ ബോധവത്കരണം.

# വിദ്യാലയ ചരിത്രം

മലപ്പുറം ജില്ലയിൽ, കോഴിക്കോട് സർവ്വകലാശാലയിൽ നിന്ന് 15 കി.മീ ദൂരെ അറബിക്കടലിന്റെ തീരപ്രദേശത്ത് സ്ഥിതി ചെയ്യുന്ന 105 വർഷം പഴക്കമുള്ള ഒരു പൊതു വിദ്യാലയമാണ് എ.യു.പി സ്കൂൾ ചിറമംഗലം.

വിദ്യാലയ ചരിത്രരേഖകൾ പരിശോധിക്കുമ്പോൾ ബ്രിട്ടീഷുകാരുടെ കാലഘട്ടത്തിൽ കുടിപള്ളിക്കൂടം ഓത്തു-പള്ളിക്കൂടം ആയി 1919-ൽ നിലവിൽ വന്ന വിദ്യാലയം വരെ നിരക്ഷരരായിരുന്ന ഒരു സമൂഹത്തെ "മണലെഴുത്തിലൂടെ അറിവിന്റെ ലോകത്തേക്ക് കൈപിടി-ച്ചുയർത്തുകയായിരുന്നു.

ശ്രീ വേലുക്കുട്ടിപ്പണിക്കർ ആരംഭം കുറിച്ച വിദ്യാല-യത്തെ അദ്ദേഹത്തിന്റെ മകനായ ശ്രീ. കുഞ്ഞപ്പണിക്കരും പത്നി കല്യാണി പണിക്കത്തിയാരും ചേർന്ന് ഇന്ന് നിലവിലുള്ള ഭൗതിക സാഹചര്യങ്ങളോടു കൂടിയ ബഹു-നില കെട്ടിടങ്ങളുള്ള ഒരു വിദ്യാലയ സമുച്ചയത്തിലേക്ക് ഉയർത്തി. ഇവരുടെ അഞ്ച് ആൺമക്കളിൽ നാലമനായ ശ്രീ. പി.കെ ഭരത്ഭൂഷനാണ് ഇപ്പോഴത്തെ മാനേജർ.

തുടക്കത്തിൽ കേവലം ഒരു ഓലക്കൂരയിൽ പത്ത് കുട്ടികളും രണ്ട് അധ്യാപകരുമായി തുടങ്ങിയ വിദ്യാലയത്തിന്റെ വിസിറ്റ് ബുക്ക് 1919- 37 ൽ നഷ്ടപ്പെട്ടു. എന്നാൽ 1941-50 ജൂനിയർ ഡെപ്യൂട്ടി ഇൻസ്പെക്ടർ, ഡെപ്യൂട്ടി ഇൻസ്പെക്ടർ മഞ്ചേരി റെയിഞ്ച് ഓഫീസ്, ചീഫ് റെയിഞ്ച് ഓഫീസർ എന്നിവർ വിദ്യാലയം സന്ദർശിച്ചതിന്റെ രേഖകൾ ഇന്നും സ്കൂൾ സന്ദർശക പുസ്തകത്തിൽ സൂക്ഷിച്ചുവച്ചിട്ടുണ്ട്.

ഇന്ന് 1453 കുട്ടികളും 48 അധ്യാപകരും ഒരു അനധ്യാപകനും രണ്ട് ആയമാരും സേവനം ചെയ്യുന്നു. പ്രയത്നങ്ങളോടുകൂടെ വിദ്യാഭ്യാസമണ്ഡലത്തിൽ തലയുയർത്തി നിൽക്കുന്നു.

## മികവുകൾ

* നൂറോളം വർഷത്തെ പാരമ്പര്യമുള്ള വിദ്യാലയം എന്നെന്നും ഇന്നും മികവിന്റെ കേന്ദ്രമായി നിലകൊള്ളുന്നു.
* ഇന്ന് ഭൗതിക സാഹചര്യങ്ങളിൽ പരപ്പനങ്ങാടിയിലെ ഒരു മികച്ച വിദ്യാലയമാണ്
* രണ്ട് സ്കൂൾ ബസുകൾ സർവീസ് നടത്തുന്നു.
* കലാമേള ശാസ്ത്രമേള സ്പോർട്സ് സബ്ജില്ല, ജില്ല സംസ്ഥാന തലങ്ങളിൽ വരെ കുട്ടികളെ പങ്കെടുപ്പിച്ച് നേട്ടങ്ങൾ കരസ്ഥമാക്കാൻ കഴിഞ്ഞു.
* നവീകരിച്ച സ്കൂൾ പാചകപ്പുര, ടൈൽ പാകിയ മുറ്റം.
* വിവിധ ക്ലബ്ബുകളുടെ പ്രവർത്തന മികവ്
* തുടർച്ചയായി നാല് വർഷം മാതൃഭൂമി സീഡ്, ഹരിത ജ്യോതി പുരസ്കാരം, രണ്ട് വർഷം തിരൂരങ്ങാടി വിദ്യാഭ്യാസ ജില്ലാ ഹരിത വിദ്യാലയ രണ്ടാം സ്ഥാനം.
* അക്കാദമിക മികവ് — LSS 14, U.S.S-12
* ശ്രദ്ധേയമായ കുട്ടിപത്രം - വാർത്താപ്പത്രികൾ ലഭ്യമാ
* മികച്ച സ്കൂൾ ലൈബ്രറി - കുട്ടികളിൽ വായനാശീലം വളർത്തുന്നതിനായി ആയിരത്തോളം പുസ്തകങ്ങൾ ഉള്ള മികച്ച ഒരു ലൈബ്രറിയും. ക്ലാസ് ലൈബ്രറി ഓരോ ക്ലാസിലും. അതോടൊപ്പം പുസ്തകങ്ങളുള്ള ക്ലാസ് ലൈബ്രറിയും കുട്ടികളിലെ സർഗ്ഗാത്മകത വളർത്തുന്നതിനായി ഉണ്ട്.
* സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ (മൊബൈൽ ആപ്പ്) പ്രയോജനപ്പെടുത്തിക്കൊണ്ട് നടത്തി.
* കബ്ബ് - ബുൾബുൾ വിഭാഗം വിജയകരമായി പ്രവർത്തിക്കുന്നു. പരമോന്നത ബഹുമതിയായ ഗോൾഡൻ ആരോ അവാർഡ്, സംസ്ഥാന തല ചതുർത്ഥ ചരൺ, ഹീരക് പംഖ് അവാർഡ് നിരവധി കുട്ടികൾക്ക് ലഭിക്കുന്നു.

## പരിമിതികൾ

- സൈദ്ധാന്തിക തലത്തിലും, ഭൗതിക സാഹചര്യത്തിലും ഒട്ടനവധി മികവുകൾ ഉണ്ടെങ്കിലും ചില പരിമിതികൾ നിലനിൽക്കുന്നതാണ് പ്രധാന പരിമിതി.
- കുട്ടികൾക്ക് കായികാധ്യാപകന്റെ സേവനം ലഭ്യമാണെങ്കിലും പരിശീലിപ്പിക്കാൻ സ്കൂൾ മൈതാനം നിലവിൽ ഇല്ല.
- ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യ ശാസ്ത്ര ലാബുകൾ ഇനിയും വരേണ്ടതുണ്ട്.
- ICT – ലാപ്ടോപ്പുകളും പ്രോജക്ടറുകളും ലഭ്യമാണെങ്കിലും ക്ലാസ് മുറികളിൽ സാങ്കേതിക നിലവാരം ലഭ്യമാക്കിക്കൊണ്ട് ഉയർത്തേണ്ടതുണ്ട്.

## പ്രശ്നങ്ങൾ ; വെല്ലുവിളികൾ

- വിദ്യാലയം സ്ഥിതിചെയ്യുന്നത് തീരദേശ മേഖലയിലായതു കൊണ്ട് കുട്ടികളുടെ കുടുംബത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥ. കുട്ടികളുടെ പഠന പിന്നോക്കാവസ്ഥക്ക് കാരണമാകുന്നു.
- → രക്ഷിതാക്കളുടെ ശ്രദ്ധക്കുറവും താത്പര്യക്കുറവും കുട്ടികളുടെ ദൈനംദിന പാഠ്യേതര - പഠന പ്രവർത്തനങ്ങളുടെ പിന്നോക്കാവസ്ഥക്കു ഇടവരുത്തുന്നു.
- → ദയനീയമായ കുടുംബ പശ്ചാത്തലം കുട്ടിയെ മാനസികമായി പഠനതാത്പര്യം കുറക്കുന്നു.

## മാസ്റ്റർ പ്ലാൻ - മുന്നൊരുക്കം

സ്കൂളിന്റെ നിലവിലുള്ള സാമൂഹിക-സാമ്പത്തിക അക്കാദമിക ഭൗതിക സാഹചര്യങ്ങളും മികവുകളും പരിമിതികളും മാസ്റ്റർ പ്ലാൻ തയ്യാറാക്കുമ്പോൾ ശേഖരിച്ചിട്ടുണ്ട്. കേരള പാഠ്യപദ്ധതി ചട്ടക്കൂട് (2023) മുന്നോട്ട് വെക്കുന്ന പാഠ്യപദ്ധതി സമീപനങ്ങളും നിർദ്ദേശങ്ങളും ഉൾക്കൊണ്ട് തയ്യാറാക്കിയ നവീകരിച്ച പാഠപുസ്തകങ്ങളിലെ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിയാണ് ഇത് തയ്യാറാക്കിയത്. സാമൂഹ്യജ്ഞാന നിർമ്മിതിയിൽ ഊന്നിക്കൊണ്ട് പഠിതാക്കളെ കേന്ദ്രബിന്ദുവാക്കി പ്രക്രിയാ ബന്ധിതവും പ്രവർത്തനാധിഷ്ഠിതവുമായ പഠന സമീപനത്തിന്റെ അടിസ്ഥാനത്തിലാണ് ഓരോ പ്രവർത്തനവും ഉൾപ്പെടുത്തിയത്.

UP തലത്തിൽ വിവിധ വിഷയാടിസ്ഥാനത്തിലും LP വിഭാഗത്തിൽ ക്ലാസ് തലത്തിലും ആണ് അക്കാദമിക മാസ്റ്റർ പ്ലാൻ രൂപകൽപ്പന ചെയ്തിരിക്കുന്നത്.

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## യു.പി തലം

(വിഷയാടിസ്ഥാനത്തിൽ)

| | |
|---|---|
| 1 | മലയാളം |
| 2 | ഇംഗ്ലീഷ് |
| 3 | ഹിന്ദി / അറബിക് / ഉറുദു / സംസ്കൃതം |
| 4 | സോഷ്യൽ സയൻസ് |
| 5 | അടിസ്ഥാന ശാസ്ത്രം |
| 6 | ഗണിതം |

## എൽ.പി തലം

(ക്ലാസ് അടിസ്ഥാനം)

| | |
|---|---|
| 1 | ഒന്നാംക്ലാസ് |
| 2 | രണ്ടാം ക്ലാസ് |
| 3 | മൂന്നാം ക്ലാസ് |
| 4 | നാലാംക്ലാസ്. |

## യു.പി. മലയാളം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമഗ്രികൾ |
|---|---|---|---|---|---|
| 1 | പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുന്നു. | **വാർത്താ ലോകത്തേക്ക്**<br>പത്രം, ആഴ്ചപതിപ്പ്, മാസികകൾ എന്നിവ വായിക്കുന്നു. പ്രതികരണശേഷി ഉണർത്തൽ. ഉച്ചാരണ ശുദ്ധി വരുത്തൽ. | ആഴ്ചയിൽ രണ്ടുതവണ | മലയാളം അധ്യാപകർ | |
| | | **വാർത്താ വായന**<br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ്സ്തലത്തിൽ വായന നടത്തി തെരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ്. | |
| | | അതാത് മാസത്തെ പ്രധാനസംഭവങ്ങൾ, ക്ലാസ്സ്, സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നുപ്രാവശ്യം | മലയാളം ക്ലബ്ബ്. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 2. സർഗ്ഗശേഷി പരിപോഷിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗാത്മകശേഷി പരിപോഷിപ്പിക്കാനായി സാഹിത്യ ശില്പശാല സംഘടിപ്പിക്കുന്നു. | നവംബർ | വിദ്യാരംഗം ക്ലബ്ബ് | PTA |
| 3. സാഹിത്യകാരന്മാരെക്കുറിച്ചുള്ള നേരനുഭവങ്ങൾ സ്വായത്തമാക്കി ആൽബം, യാത്രാ വിവരണം എന്നിവ തയ്യാറാക്കൽ | <u>പഠനയാത്രകൾ സംഘടിപ്പിക്കൽ</u><br>തുഞ്ചൻ പറമ്പ്, കിള്ളിക്കുറിശ്ശിമംഗലം, പൂന്താനം ഇല്ലം ഇവിടം പഠനയാത്രകൾ നടത്തി ശേഖരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി യാത്രാ വിവരണം തയ്യാറാക്കുന്നു. ആൽബം തയ്യാറാക്കുന്നു (ചിത്രങ്ങളും അടിക്കുറിപ്പുകളും ഉൾപ്പെടുത്തി) | ജനുവരി | വിദ്യാരംഗം ക്ലബ്ബ് | PTA അധ്യാപകർ |
| | | | | |

# UP English
# Academic Master Plan

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ശരിയായി ഇംഗ്ലീഷ് ഉച്ചാരണം അനായാസം സംസാരിക്കുവാൻ അവസരം ഒരുക്കുന്നു | Follow me if you can - ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്ക് അനുസരിച്ച് പ്രവർത്തിക്കുവാനുള്ള അവസരം നൽകുന്നു | ജൂൺ | |
| | Lend your ear - ലളിതവും രസകരവുമായ ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്ന അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | |
| | Role-play വ്യത്യസ്ത സംഭാഷണങ്ങൾ കേൾക്കുവാനുള്ള അവസരങ്ങൾ ഉണ്ടാക്കുകയും ആ സംഭാഷണങ്ങൾ ആവർത്തിച്ച് അവതരിപ്പിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുകയും ചെയ്യുന്നു. | ജൂൺ | ഇംഗ്ലീഷ് ക്ലബ്. |
| | Treasure Hunt - വ്യത്യസ്ത വസ്തുക്കൾ വിവിധ സ്ഥലങ്ങളിൽ ഒളിപ്പിച്ചു വെച്ചതിന് ശേഷം കുട്ടികളോട് അവ കണ്ടെത്തുവാനും അവയെക്കുറിച്ചുള്ള ചെറു വിവരണം നൽകുവാനും ആവശ്യപ്പെടുന്നു. | ആഗസ്റ്റ്. | |
| ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | One man show - ഇംഗ്ലീഷിലുള്ള ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | മാസത്തിൽ ഒരിക്കൽ | |
| | I too can - ലളിതമായ വായനാകാര്യങ്ങളും തുടർന്ന് സങ്കീർണ്ണമായ വായനാകാര്യങ്ങൾ തെറ്റുകൂടാതെ വായിക്കുവാനുള്ള അവസരം നൽകുന്നു | | |
| | Reader of the month - വായനയുമായി ബന്ധപ്പെട്ട വ്യത്യസ്ത പ്രവർത്തനങ്ങളിലൂടെ ഓരോ മാസവും Reader of the month നെ കണ്ടെത്തുന്നു | മാസത്തിൽ ഒരിക്കൽ | |

| | | |
|---|---|---|
| | My droplets - കുട്ടികളുടെ കലാസൃഷ്ടികൾ ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ തയ്യാറാക്കുന്നു. | വർഷത്തിന്റെ അവസാനം. |
| തെറ്റു കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കൽ | Alert Zone - സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ തലത്തിലും ക്ലാസ് തലത്തിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണ ദിവസങ്ങളിൽ. |
| | Run baby run - ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിൽ എഴുതി പ്രദർശിപ്പിച്ച വാക്കുകൾ തെറ്റുകൂടാതെ എഴുതുവാൻ ആവശ്യപ്പെടുന്നു. ഏറ്റവും ആദ്യം മുഴുവൻ വാക്കുകളും ശരിയായി എഴുതിയ ഗ്രൂപ്പിനെ വിജയികളായി പ്രഖ്യാപിക്കുന്നു | ഫെബ്രുവരി. |
| | Fun Time - കടങ്കഥകൾ, കവിതകൾ, ക്വിസ്സ്ചോദ്യങ്ങൾ എന്നിവ ഇംഗ്ലീഷിൽ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു | മാസത്തിൽ ഒരിക്കൽ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ =. ഹിന്ദി

| നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 1. | കുട്ടികളുടെ നിലവാരം കണ്ടെത്താൻ പ്രീടെസ്റ്റ് നടത്തുന്നു | ജൂൺ ആദ്യവാരം | 6, 7 | അധ്യാപകർ | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കുവാനും എഴുതാനും സംസാരിക്കാനും ആശയവിനിമയം നടത്താനും ഉള്ള ശേഷി വർധിപ്പിക്കൽ CWSN, SLOW LEARNERS കുട്ടികൾക്ക് അധിക പിന്തുണ. |
| 2. | കുട്ടികൾക്ക് പുത്തൻ ഉണർവ് നൽകാവുന്ന ഭാഷാശേഷി പ്രവർത്തനങ്ങൾ | ജൂൺ അവസാന വാരം. | 5, 6, 7 | ഹിന്ദി അധ്യാപകർ | CWSN, SLOW LEARNERS ഉൾപ്പെടെ കുട്ടികൾക്ക് അധിക പിന്തുണ. |
| 3. | ഓരോ ക്ലാസിലും ദിവസവും ഹിന്ദി വായിപ്പിക്കുക, ഹിന്ദിയിൽ ആഴ്ച, മാസം, എണ്ണം എന്നിവയുടെ അവതരണം | പ്രതിദിനം | 5, 6, 7 | ഹിന്ദി അധ്യാപകർ | ഹിന്ദി ഭാഷയിലെ പരിജ്ഞാനം വർധിപ്പിക്കുക. |

| നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 4. | ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക ഹിന്ദി അസംബ്ലി. | ദിനാചരണവുമായി ബന്ധപ്പെട്ട് | 5, 6, 7 | ഹിന്ദി അധ്യാപകർ | ഭാഷാശൈലിയിലെ വിന്യാസം. |
| 5. | കുട്ടികളെക്കൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുക. | ആഗസ്റ്റ് മുതൽ മാർച്ച് ~~മുതൽ~~ വരെ | 5, 6, 7 | ,, | ഹിന്ദി ഭാഷയുടെ എഴുത്ത് രീതി വികസനം. |
| 6. | പാഠഭാഗവുമായി ബന്ധപ്പെട്ട് റേഡിയോ കേൾപ്പിക്കുക | സെപ്തംബർ മുതൽ നവംബർ വരെ | 5, 6, 7 | ക്ലാസ് ഹിന്ദി അധ്യാപകർ | ഹിന്ദി ഭാഷ കേട്ട് മനസിലാക്കാനുള്ള ശേഷി വികസിപ്പിക്കുക. |
| 7. | കുട്ടികൾക്ക് മാനസികോല്ലാസം നിലനിർത്തിക്കൊണ്ട് AI ഉപയോഗിച്ച് ഭാഷയെ ഉൾക്കൊള്ളാനും ഭാഷാപഠനം എളുപ്പമാക്കാനും ഉള്ള പ്രവർത്തന പാക്കേജുകൾ | 6 മാസം | 5, 6, 7 | ഹിന്ദി അധ്യാപകർ | ഹിന്ദി ഭാഷയിൽ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ മനസ്സിലാക്കുന്നതിനുള്ള സഹായം നൽകുക. |

# അക്കാദമിക മാസ്റ്റർ പ്ലാൻ - അറബിക്

| നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ്സ് | ചുമതല | ലക്ഷ്യം. |
|---|---|---|---|---|---|
| 1. | കുട്ടികളുടെ നിലവാരം കണ്ടെത്താൻ പ്രീ-ടെസ്റ്റ് നടത്തുന്നു. എഴുത്ത്/വായനയിൽ പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തുന്നു. | ജൂൺ ആദ്യവാരം | 5.6.7 | അധ്യാപിക | കുട്ടികളുടെ പഠന നിലവാരം കണ്ടെത്തി- പരിഹാരബോധനം നൽകുക. ഭാഷാ ശേഷി വർദ്ധിപ്പിക്കുക. CWSN, SLOW Learners ന് അധിക പിന്തുണ. |
| 2. | കുട്ടികൾക്ക് പുത്തൻ ഉണർവ്വ് നൽകാവുന്ന ഭാഷാ ശേഷി പ്രവർത്തന-ങ്ങൾ | ജൂൺ | 567 | അധ്യാപിക | ഭാഷാ പഠനത്തിൽ താൽപര്യമുണ്ടാക്കുക. CWSN, SLOW Learners ന് അധിക പിന്തുണ. |
| 3 | ഓരോ ക്ലാസിലും അറബി വായിപ്പിക്കുക. എണ്ണം, നിറങ്ങൾ നാമങ്ങൾ എന്നിവ പരിചയപ്പെടുത്തുക. | പ്രതിദിനം | 5,6,7. | അറബിയിൽ മെച്ചപ്പെട്ട വിദ്യാർത്ഥികൾ | അറബി ഭാഷ മെച്ച-പ്പെടുത്തുക. ഭാഷാ നൈപുണികൾ വികസിപ്പിക്കുക. |

| നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ് | ചുമതല | ലക്ഷ്യം. |
|---|---|---|---|---|---|
| 4. | അറബിയിൽ ചോദ്യാവലി പരിശീലിപ്പിക്കുക. അറബി ഗാനം, പദ്യം, കലിഗ്രഫി സംഭാഷണം പരിചയപ്പെടുത്തുക. അറബി അസംബ്ലി. | ദിനാചരണവുമായി ബന്ധപ്പെട്ട് | 5,6,7 | അധ്യാപിക. കുട്ടി ഭാരവാഹികൾ. | ഭാഷയിൽ താൽപര്യം ജനിപ്പിക്കുക. ഭാഷാ ശേഷികളെ വികസിപ്പിക്കുക. |
| 5. | അറബിക് മാഗസിൻ തയ്യാറാക്കുക. | ഒക്ടോബർ | 5,6,7 | അധ്യാപിക. കുട്ടി ഭാരവാഹികൾ. | എഴുത്ത് വായന മെച്ചപ്പെടുത്തുക. കലാ വാസനകൾ വികസിപ്പിക്കുക. |
| 6. | കുട്ടികൾക്ക് രസകരവും ആസ്വാദ്യകരവും ആവുന്ന രീതിയിൽ ഭാഷാ ശേഷികൾ വികസിപ്പിക്കാൻ ഉതകുന്ന വീഡിയോ/ ഓഡിയോ/AI പ്രദർശിപ്പിക്കുക | അധ്യാപികയുടെ സൗകര്യാർത്ഥം. | 5,6,7. | അധ്യാപിക. | ഭാഷാ പഠനം ആകർഷണീയമാക്കുക. കുട്ടികൾക്ക് പഠനാനുഭവങ്ങൾ സന്തോഷം നിറയുന്നതാവണം. |

## ആമുഖം

ഇന്ത്യയിൽ ജനിച്ച് ലോകത്താകമാനം പടർന്നു പന്തലിച്ച ഭാഷയാണ് ഉറുദു. ഇന്തോ ആര്യൻ ഭാഷ കുടുംബത്തിലെ പ്രധാനിയായ ഉർദു, ഖഡി ബോലി എന്ന ഭാഷയിൽ നിന്ന് ഉരുത്തിരിഞ്ഞു വന്നതാണ്. ഇന്ന് അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന സംഗീത സുന്ദര ഭാഷ കൂടിയാണ് ഉർദു. കഥകളുടെയും കവിതകളുടെയും ഭാഷ. ഹിന്ദുസ്ഥാനി സംഗീതത്തിന്റെ അന്തർധാരയായ ഉർദു സാംസ്കാരിക സമന്വയത്തിന്റെയും മത സാഹോദര്യത്തിന്റെയും മതേതരത്വത്തിന്റെയും ഉയർത്തിപ്പിടിക്കുന്ന ഭാഷകൂടിയാണ്. പരപ്പനങ്ങാടി ചിറമംഗലം എ യു പി സ്കൂളിൽ 2025-26 വർഷത്തിൽ ഉർദു ഭാഷ പഠനവുമായി ബന്ധപ്പെട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അക്കാദമിക, ഭൗതിക സാമൂഹ്യ പ്രവർത്തനങ്ങളും നിർദേശങ്ങളും താഴെ ചേർക്കുന്നു.

## പൊതു ലക്ഷ്യങ്ങൾ

- ഉർദു ഭാഷാ പഠനം ആയാസവും രസകരവുമാക്കി ആസ്വാദനപഠനം കുട്ടികൾക്ക് സാധ്യമാക്കുക
- ഉർദു ഭാഷ, സാഹിത്യം എന്നിവയുമായി ബന്ധപ്പെട്ട പൊതു വിജ്ഞാനം നേടുന്നതിനുള്ള സന്ദർഭം സൃഷ്ടിക്കുക
- തൊഴിൽ അനുബന്ധ മത്സര പരീക്ഷകൾക്ക് ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തുക
- ഉർദു പഠിക്കുന്ന എല്ലാ കുട്ടികൾക്കും ഏഴാം ക്ലാസ് കഴിയുമ്പോഴേക്കും ഉർദു വായിക്കാനും കേട്ടെഴുതാനും അത്യാവശ്യം സാഹിത്യ രചനകൾ നടത്താനുമുള്ള ശേഷി ഉറപ്പാക്കുക.
- വിവിധ കലാപരമായ കഴിവുകൾ അവതരിപ്പിക്കാനും ആസ്വദിക്കാനുമുള്ള കഴിവ് നേടുക
- എല്ലാ കുട്ടികൾക്കും ഭംഗിയുള്ള കയ്യെഴുത്ത് പ്രാപ്യമാക്കാനുള്ള കഴിവ് നേടുക
- ഉർദു ഭാഷയുമായി ബന്ധപ്പെട്ട് സാമൂഹ്യ അവബോധം വളർത്തിയെടുക്കുക
- വിവിധ ദിനാചരണങ്ങളിലൂടെ ഭാഷാപരമായ ശേഷികൾ വളർത്തുക
- ഡിജിറ്റൽ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കൽ.

| നമ്പർ | പ്രവർത്തനം | പ്രവർത്തനക്രമം | കാലയളവ് | ചുമതല | ചെലവ് | വിലയിരുത്തൽ |
|---|---|---|---|---|---|---|
| 1 | ഏക് ദിൻ ഏക് ലഫ്സ് | കുട്ടികളിൽ പദസമ്പത്ത് വളർത്താൻ, ക്വിസ് മത്സരം, പുസ്തകങ്ങൾ, വായനാമത്സരം തുടങ്ങിയവ കുട്ടികൾക്ക് ലഭ്യമാക്കുക | ഒരു വർഷം | ഉർദു ക്ലബ്ബ് GK ക്ലബ്ബ് | | സബ്ജക്ട് കൗൺസിൽ. HM |
| 2 | പഠനത്തോടൊപ്പം ഉർദുവായന | വായന മത്സരങ്ങൾ, ക്വിസ് മത്സരം ബാലമാസികകൾ ഉർദു പത്രങ്ങൾ വായന കാർഡുകൾ തുടങ്ങിയവ വായനക്ക് ലഭ്യമാക്കൽ | വിവിധ ദിനാചരണങ്ങൾ | ഉർദു ക്ലബ്ബ് | | HM സബ്ജക്ട് കൗൺസിൽ |
| 3 | E-ദുനിയ | കുട്ടികൾക്ക് ഉർദു ടൈപ്പിംഗ് പരിശീലനം നൽകൽ. പ്രിന്റഡ് പതിപ്പുകൾ, വായന കാർഡ് തുടങ്ങിയവ തയ്യാറാക്കൽ | 6 മാസം | ഉർദു ക്ലബ്ബ് | - | HM സബ്ജക്ട് കൗൺസിൽ |
| 4 | ഹം ഭീ അദീബ് | കുട്ടികളിലെ രചനാപരമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനും കവിത, കഥ, ഉപന്യാസ ക്യാമ്പുകൾ നടത്തുക. ഉർദു-സാഹിത്യകാരന്മാരുടെ ക്ലാസുകൾ സംഘടിപ്പിക്കുക | വർഷത്തിൽ ഒരു ദിവസം | ഉർദു ക്ലബ്ബ് | | HM Subject Council |
| 5 | ഉർദുദിനം | ടാലന്റ് മീറ്റ്, അക്ഷരമരം, ദിന സെമിനാർ, ഡിജിറ്റൽ പതിപ്പ് | പ്രത്യേകദിനങ്ങൾ | ഉർദു ക്ലബ്ബ് | | സബ്ജക്ട് കൗൺസിൽ, HM |
| 6 | ദിനാചരണങ്ങൾ - | ഭാഷാശേഷി വളർത്തുന്നതിന് ഉതകുന്ന രീതിയിൽ വിവിധ ദിനാചരണ പരിപാടികൾ - സംഘടിപ്പിക്കുക | അതാത് ദിവസങ്ങൾ | ഉർദു ക്ലബ്ബ് | | സബ്ജക്ട് കൗൺസിൽ |
| 7 | തലാഷ് | പ്രാദേശിക യാത്രകൾ സംഘടിപ്പിക്കൽ | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | - | [illegible] സബ്ജക്ട് കൗൺസിൽ |

## അക്കാദമിക് മാസ്റ്റർ പ്ലാൻ സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പഠനോപകരണങ്ങൾ | സാധ്യതകൾ |
|---|---|---|---|---|
| • എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ<br>• അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക. | • ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു<br>• പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.<br>• പതിപ്പുകൾ, മാഗസിനുകൾ | | | |
| • സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തനങ്ങൾ<br>• ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തൽ | • വിവിധസാഹിത്യ ശാഖകളെ പരിചയപ്പെടുത്തൽ, കഥ, കവിത. സുഭാഷിതങ്ങൾ ജീവചരിത്രക്കുറിപ്പുകൾ എന്നിവ രചിച്ച് ശേഖരിച്ച് പതിപ്പുകൾ തയ്യാറാക്കൽ etc..... | • ജൂൺ മുതൽ മാർച്ച് വരെ. | • പുസ്തകങ്ങൾ വീഡിയോകൾ ചിത്രങ്ങൾ etc..... | |

# Project Sanskrit

- സംസ്കൃതം ലൈബ്രറി
- സംസ്കൃത ദിനാചരണം
- സംസ്കൃത അസംബ്ലി
- സംസ്കൃതസംഭാഷണശിബിരം
- വിവിധ മത്സരങ്ങൾ
- മികച്ച വിദ്യാർത്ഥികൾക്ക് മത്സരപരീക്ഷകൾക്കുള്ള പ്രത്യേക പരിശീലനം
- ഐ. ടി സാധ്യതകളെ പ്രയോജനപ്പെടുത്തൽ

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26
## സാമൂഹ്യശാസ്ത്രം - യു.പി

| പദ്ധതി | ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|---|
| AI യിലൂടെ — മധ്യകാല ലോകത്ത്... | മധ്യകാല ഇന്ത്യയിലൂടെ ഒരു യാത്ര | AI -ടെക്നോളജിയിലൂടെ അന്നത്തെ ഭരണാധികാരികൾ സഞ്ചാരികൾ തുടങ്ങിയവർ അക്കാലഘട്ടത്തെ കുറിച്ച് കുട്ടികളോട് സംവദിക്കുന്നു. | അധ്യാപകർ | ജൂൺ | — |
| ഞങ്ങൾക്കറിയണം ഞങ്ങളുടെ അവകാശങ്ങളെ... | ഇന്ത്യൻ ഭരണഘടനയുടെ സവിശേഷതകൾ തിരിച്ചറിയാനും, മനസിലാക്കാനും | അടിക്കുറിപ്പുകളുമായി ആൽബം | അധ്യാപകർ | ജൂലൈ | — |
| അറിയാം — ഭൂമിയെ... | ഭൂമിയെ കുറിച്ച് ആഴത്തിൽ അറിയുന്നതിന്... | ഭൂമിയുടെ ചലനം - സവിശേഷതകൾ തിരിച്ചറിയുന്നതിന് - പരീക്ഷണ പ്രദർശനം. അന്തരീക്ഷപാളി - സവിശേഷതയുമായി ബന്ധപ്പെട്ട് Roleplay. | അധ്യാപകർ കുട്ടികൾ | സെപ്തംബർ | — |
| ബാല പാർലമെന്റ് | ജനാധിപത്യ രീതികൾ മനസിലാക്കുന്നതിന്... | മോക് പാർലമെന്റ് | അധ്യാപകർ | നവംബർ | |
| ബാങ്കിലൂടെ - ഒരു ബാങ്ക് ജീവിതം - മനുഷ്യസമൂഹത്തിന്. | ബാങ്ക് - മനുഷ്യജീവിതത്തെ എങ്ങനെ സ്വാധീനിക്കുന്നു. | ബാങ്ക് - സർവ്വേ വ്യത്യസ്ത വിഭാഗങ്ങളിൽ സർവേ ഫോർമാറ്റുമായി. സർവേ വഴി ഒരോ വിഭാഗങ്ങളിലെ ബാങ്ക് - ധാരണ. | അധ്യാപകർ | ജനുവരി | |

| പരിപാടി | ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|---|
| നല്ല നടക്കേണ്ടതായ്... അമൃതേ... വിദ്വേഷവും അനീതിയും | അനീതിയ്ക്കും-വിദ്വേഷത്തിനുമെതിരെ മനോഭാവം വളർത്തൽ | നാടകീകരണം. | അദ്ധ്യാപകർ | സെപ്റ്റംബർ – ഒക്ടോബർ | – |
| ഉണർന്നിരിക്കാം ചരിത്രവിധിയായ്... | ചരിത്രം അറിയുന്നതിനായ് ചരിത്ര കിളുകിൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കൽ. | സ്കിറ്റ്‌വർക്ക്/ചരിത്ര മ്യൂസിയ സന്ദർശനം | അദ്ധ്യാപകർ പി.ടി.എ Subject Council | നവംബർ മാസം. | 2000/- |

# ബേസിക് സയൻസ്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ആവാസ വ്യവസ്ഥയിൽ ഓരോ ജീവികളുടെയും പ്രാധാന്യം | ചർച്ച, നിരീക്ഷണ കുറിപ്പ് തയ്യാറാക്കൽ, ഫീൽഡ് ട്രിപ്പ്, വീഡിയോ നിർമ്മാണം, കാവ് സന്ദർശനം, പുഴ, കടൽ, കണ്ടൽക്കാട് സന്ദർശനം, ചതുപ്പ് കാർഡ് ബോർഡ് | ജൂൺ ജൂലൈ | ശാസ്ത്ര അധ്യാപകർ |
| 2. ചുറ്റുപാടുകളിലേക്ക് ഇറങ്ങി ചേർന്നുകൊണ്ടുള്ള ശാസ്ത്ര പഠനം. | സസ്യങ്ങൾ, ആരോഗ്യം, മലിനീകരണം എന്നിവയുമായി ബന്ധപ്പെട്ട് പ്രോജക്ട് അവതരണം. | ഒക്ടോബർ നവംബർ | " |
| | 'എന്റെ ജൈവ കൃഷിയിടം<br>എന്റെ ശലഭോദ്യാനം<br>ക്ലാസിൽ ഒരു സദ്യ' അവയ } പ്രോജക്ടുകൾ | ജനുവരി-ഫെബ്രുവരി. | " |

| | | | |
|---|---|---|---|
| 3. ശാസ്ത്ര ഉപകരണങ്ങൾ പരിചയപ്പെടൽ കൈകാര്യം ചെയ്യൽ | ലാബ് സന്ദർശനം, ഉപകരണ നിർമാണ ശില്പശാല | സെപ്റ്റംബർ–ഡിസംബർ No cost | റിസോഴ്സ് പേഴ്സൺ |
| 4. നിർമാണം | ജൈവ കീടനാശിനി, സോപ്പ് നിർമാണം [illegible], ശ്വസന [illegible] വ്യവസ്ഥ പാഠഭാഗവുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ | അക്കാദമിക വർഷം | അധ്യാപകർ |
| 5 ചാർട്ട് പതിപ്പ് | [illegible] / [illegible] / പ്രദർശനം | ഒക്ടോബർ | അധ്യാപകർ |
| 6. പരീക്ഷണം | പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ | June-Feb | |

ജൂൺ - ജൂലായ്

ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ :

ചതുരം, വൃത്തം, ത്രികോണം എന്നീ രൂപങ്ങൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്താൻ,
ചതുരം, വൃത്തം, ത്രികോണം എന്നീ രൂപങ്ങൾ ചേർത്തുവെച്ച് കുട്ടികൾ ഇഷ്ടമുള്ള രൂപങ്ങൾ നിർമ്മിക്കുന്നു.

ജൂലായ്

ടേബിൾ നിർമ്മാണം -
കുട്ടികളുടെ ഉയരം, ഭാരം എന്നിവ അളന്ന് അവരുടെ BMI കണ്ടുപിടിക്കൽ.

ആഗസ്റ്റ്

സംഖ്യാലോകം

അബാക്കസ് നിർമ്മാണം - കുരുക്കൾകൊണ്ടും, സംഖ്യാസ്ട്രിപ്പുകൾകൊണ്ടും, കമ്പ് കെട്ടുകൾകൊണ്ടും സംഖ്യാലോകത്തെ അറിയാനുള്ള കളികൾ.

ക്വിസ് റിലേ

ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ, നവംബർ

കുട്ടികൾക്കായി ആഴ്ചയിൽ ഒരു ദിവസം ഗണിതക്വിസ് മത്സരം.

ഗണിതശില്പശാല

ഡിസംബർ

കളികളിലൂടെ അടിസ്ഥാനക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

[നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ലാഷ് കാർഡ് .... ഉപയോഗിക്കുന്നു.

സംഖ്യാചാർട്ട്, ജ്യാമിതിയ ചാർട്ട് എന്നിവയുടെ നിർമ്മാണം.

## മലയാളം ക്ലാസ് - 1

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും പര്യാപ്തമാക്കുക. | താളാത്മകമായി ചെറുകവിതകൾ ചൊല്ലൽ<br>സംയുക്തഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക. | ജൂൺ | ക്ലാസ്സ് ടീച്ചർ |
| - ചിത്രമായ ബാല സാഹിത്യ കഥകൾ കേട്ട് പറയാൻ അവസരം | - കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ<br>- ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു<br>- രക്ഷിതാവിന്റെ സഹായത്തോടെ സംയുക്തഡയറി എഴുതുന്നു. | ജൂലൈ | - |
| | - ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്നു.<br>സംയുക്തഡയറി എഴുത്ത് തുടരുന്നു. | ആഗസ്റ്റ് | |
| ചിത്രമായ കഥകൾ വായിക്കുന്നതിന്. | - ഭാവാത്മകമായ വായനയിലേക്ക് കുട്ടികളെ നയിക്കുന്നു. | | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | | |
|---|---|---|---|---|
| ഉചിതമായ വായനാക്കാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു | സ്വതന്ത്ര രചനയിലേക്ക് കുട്ടികളെ നയിക്കുന്നു. | സെപ്റ്റംബർ | ക്ലാസ് ടീച്ചർ | |
| | സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു. | | | |
| | ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്തഡയറി മെച്ചപ്പെടുത്തുന്നു. | | | |
| | - വായനോത്സവം സംഘടിപ്പിക്കുന്നു | ഒക്ടോബർ | | |
| | - ചിത്രവായനയ്ക്ക് അവസരം ഒരുക്കുന്നു. | | | |
| കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനായുള്ള ലഘു രചനാ ശില്പശാലകൾ സംഘടിപ്പിക്കൽ. | - രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു. | | | |
| | - ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടത്തുന്നു. | | | |
| | - ഡയറിയിൽ കുട്ടികളുടെ എഴുത്ത് കൂടുതലാക്കുന്നു. | നവംബർ | | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| | ചിത്രവായന നടത്തുന്നു.<br>ക്ലാസ്സ്പത്രം രൂപപ്പെടുത്തുന്നു.<br>-രചനാശേഷി പരിപോഷിപ്പിക്കൽ | ഡിസംബർ | |
| | -ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.<br>സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട്ഫോളിയോയിൽ സൂക്ഷിക്കുന്നു | ജനുവരി. | |
| കുഞ്ഞുചിത്രകഥാപുസ്തകങ്ങൾ സ്വന്തം നിർമ്മിക്കാൻ ശേഷി നേടുന്നു. | - കുട്ടികളുടെ സ്വന്തം രചനകൾ ചേർത്ത് കുഞ്ഞെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.<br>- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും അവസരം ഒരുക്കുന്നു. | ഫെബ്രുവരി | |
| | - ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ. | മാർച്ച് | |

# ENGLISH

Std : 1

| Aim | Activities | Time | Charge | |
|---|---|---|---|---|
| • Respond to simple instructions in the class room. | • Provides picture cards. • Identify familiar words. • Say familiar words. • Read familiar words. • Write familiar words. | June - July | Class teacher. | |
| • Enjoys songs and sings rhythm and action. | • Enjoy songs and sings with rhythm & action. • Describes orally about pictures and objects using adjectives | August - March. | Class teacher. | |

| | | | | |
|---|---|---|---|---|
| • Describe orally about pictures.<br>• Writes simple descriptions.<br>• Familiarising riddles. | • Read and write simple words and sentences.<br>• Introduce simple picture descriptions<br>• Make word chain & Sentence chain.<br>• Make riddles.<br>• Describing words,<br>• Rhyming words. | September, October to March. | Class teacher. | |
| • Respond to instructions in the class room.<br>• To improve Communication. | • Prepare reading cards.<br>• Provide more opportunities to read, write and speak English. | November to March. | Class teacher | |
| • To improve reading skills. | • Encourage digital reading. | December | Class teacher. | |

| | | | | |
|---|---|---|---|---|
| • Enjoy songs & sings with rhythm and action. | • Enjoy songs and sing with rhythm & action.<br>• Add more lines. | January | Class teacher. | |
| • To introduce myself.<br>• Writing | • Provide an opportunity to express myself in the class room.<br>• Writing descriptions and conversations. | February | Class teacher. | |
| • Communication<br>• Speaking<br>• Reading<br>• Writing. | • Speaks English fluently.<br>• Read & write simple sentences.<br>• Picture description. | March | Class teacher. | |
| Own Activity.<br>Daily Sentence. | • Introduce a sentence daily that help children to speak | July to March | Class teacher. | |

# ഗണിതം.

| | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സംവദനിക |
|---|---|---|---|---|---|
| | കൃത്യതയോടും സൂക്ഷ്മതയോടും കാര്യങ്ങൾ ചെയ്യുന്നതിനും അതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനും പ്രശ്നപരിഹാരത്തിന് ശാസ്ത്രീയ സമീപനം സ്വീകരിക്കാൻ കുട്ടി കഴിവ് നേടുക. | - വസ്തുക്കളെ താരതമ്യം ചെയ്യൽ വലുത് / ചെറുത്.<br>- വസ്തുക്കളുടെ സ്ഥാനം വ്യക്തമാക്കൽ - അകത്ത്/പുറത്ത് മുന്നിൽ / പിന്നിൽ. മുകളിൽ/താഴെ.<br>- 1 മുതൽ 5 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു.<br>- ചിത്രം വരച്ചും കളികളിലേർപ്പെട്ടും എണ്ണിയെടുക്കൽ.<br>- സംഖ്യാ കാർഡ് നിർമ്മിക്കൽ.<br>- 6 മുതൽ 10 വരെയുള്ള സംഖ്യകൾ പരിചയപ്പെടൽ.<br>- സംഖ്യകളെ അവയുടെ വലിപ്പത്തിനനുസരിച്ച് ക്രമീകരിക്കൽ. | ജൂൺ - ജൂലൈ | ക്ലാസ്സ് ടീച്ചർ | |

| | ലക്ഷ്യങ്ങൾ. | പ്രവർത്തനങ്ങൾ. | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | ഒറ്റ സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിതപ്രശ്നങ്ങൾ നിർധാരണം ചെയ്യാനുള്ള കഴിവ് നേടുക. | - ആകൃതിയിലെ സാമ്യവ്യത്യാസങ്ങൾ അടിസ്ഥാനമാക്കി വസ്തുക്കളെ തരം തിരിക്കുന്നു.<br>- ഗണിത പഠനത്തിന് അനുയോജ്യമായ വസ്തുക്കൾ ഉപയോഗിച്ച് ഗണിത കിറ്റ് തയ്യാറാക്കുന്നു.<br>- 1 മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.<br>- കൂടുതൽ, കുറവ് തിരിച്ചറിയുന്നു.<br>- ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു<br>- സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ.<br>- ഒറ്റ സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ. വ്യവകലന ക്രിയകൾ നടത്തൽ.<br>- ഒന്നിനോടൊന്നു കൂടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്. | ജൂലൈ<br>ഓഗസ്റ്റ്<br>സെപ്റ്റംബർ.<br>ഒക്ടോബർ | ക്ലാസ് ടീച്ചർ. | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ. | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | - ഒറ്റ സംഖ്യ, ഇരട്ട സംഖ്യ തിരിച്ചറിയൽ.<br>- ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ, ഇരട്ട സംഖ്യ എന്ന് തിരിച്ചറിയുന്നു.<br>- വലിയ സംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയൽ.<br>- സംഖ്യകൾ ആരോഹണ, അവരോഹണ ക്രമത്തിൽ എഴുതൽ.<br>- ഒറ്റക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള സങ്കലന, വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടൽ.<br>- 1 മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.<br>- ഗണിതശാസ്ത്രവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ ചെയ്യുന്നു.<br>- ലളിതമായ ഗണിതകളികളിൽ ഏർപ്പെടുന്നു. | നവംബർ - ഡിസംബർ<br>ജനുവരി - ഫെബ്രുവരി<br>മാർച്ച്. | ക്ലാസ് ടീച്ചർ | |

# അക്കാദമിക് പ്ലാൻ- അറബിക്

എ.യു.പി.എസ്. ചിറമംഗലം

